

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



# 17. ഇന്ത്യയിലെ ഫ്യൂഡലിസം

സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


17 ഇന്ത്യയിലെ ഫ്യൂഡലിസം . . . . . . . . . . . . . . . . 1

1 ഗുപ്തസാമ്രാജ്യത്തിന്റെ ഉയർച്ചയും തകർച്ചയും . . . . . . . . . . . . . . 3

2 ഫ്യൂഡലിസത്തിന്റെ ആവിർഭാവം . . 4

3 പ്രാചീനേന്ത്യയിലെ ഗ്രാമസമുദായം . 5

4 ഇന്ത്യൻ ഫ്യൂഡലിസത്തിന്റെ പ്രത്യേകതകൾ . . . . . . . . . . . . 6

5 ജാതിവ്യവസ്ഥ . . . . . . . . . . . . . 7

6 മാന്ദ്യവും അധഃപതനവും . . . . . . . . 8

# 17

# ഇന്ത്യയിലെ ഫ്യൂഡലിസം

അശോകന്റെ മരണത്തിനുശേഷം മൗര്യസാമ്രാജ്യം ക്രമത്തിൽ ക്ഷയിക്കാൻ തുടങ്ങി. വടക്ക് കിഴക്ക് അഫ്ഗാനിസ്ഥാൻ, ബലൂചിസ്ഥാൻ, കാശ്മീർ മുതലായ രാജ്യങ്ങളും കിഴക്ക് ബ്രഹ്മപുത്രാനദിവരെയുള്ള പ്രദേശങ്ങളും തെക്ക് പെന്നാർ നദിവരെയുള്ള സ്ഥലങ്ങളുമുൾക്കൊള്ളുന്ന ഒരു വിപുലമായ സാമ്രാജ്യത്തെ നിലനിർത്താനാവശ്യമായ പ്രാപ്തിയും കരുത്തും അദ്ദേഹത്തിന്റെ പിൻഗാമികൾക്കുണ്ടായിരുന്നില്ല. അതുകാരണം, അശോകന്റെ മേൽക്കോയ്മ അംഗീകരിച്ചിരുന്ന പല രാജ്യങ്ങളും മൗര്യസാമ്രാജ്യത്തിൽ നിന്നു വേറിട്ടുപോയി. ആദ്യം പോയത് ഭോജന്മാർ, പാരിന്ദൻമാർ, ആന്ധ്രക്കാർ മുതലായവരുൾക്കൊള്ളുന്ന ഡെക്കാൻ പ്രദേശമാണ്. നാസിക്ക് തലസ്ഥാനമാക്കിക്കൊണ്ട് അവർ ശതവാഹന വംശമെന്ന പേരിലറിയപ്പെടുന്ന ഒരു പുതിയ രാജവംശം സ്ഥാപിച്ചു. ഏറെ താമസിയാതെ ഒറിയയിലെ ജനങ്ങളും മൗര്യഭരണത്തിൽ നിന്ന് മോചനം നേടി. അങ്ങനെ മൗര്യസാമ്രാജ്യത്തിന്റെ വിസ്താരം കുറഞ്ഞുകുറഞ്ഞുവന്നു. ക്രി. മു. 185-ൽ അവസാനത്തെ മൗര്യരാജാവായ ബൃഹദ്രഥനെ കൊലചെയ്ത് അദ്ദേഹത്തിന്റെ സേനാധിപതിയായ പുഷ്യമിത്രൻ സിംഹാസനം കരസ്ഥമാക്കുകയും ശുംഗവംശമെന്ന പുതിയൊരു രാജവംശം സ്ഥാപിക്കുകയും ചെയ്തു. ഇന്നത്തെ ബീഹാറും ഉത്തരപ്രദേശമുൾക്കൊള്ളുന്ന ചെറിയൊരു സാമ്രാജ്യമാണദ്ദേഹം സ്ഥാപിച്ചത്. ശുംഗവംശത്തിൽപ്പെട്ട പത്തു രാജാക്കന്മാർ ഒരാൾക്കുശേഷം മറ്റൊരാളായി ആകെ 112 കൊല്ലക്കാലം (ക്രി. മു. 184 മുതൽ 72 വരെ) ഭരണം നടത്തി. ക്രി. മു. 72-ൽ കണ്വൻമാർ മഗധയിൽ ശുംഗഭരണമവസാനിപ്പിച്ച് പുതിയൊരു രാജവംശം സ്ഥാപിച്ചു. അതിനുശേഷം ക്രിസ്ത്വബ്ദം 3-ാം നൂറ്റാണ്ടിനോടടുത്ത് കശാനന്മാർ മറ്റൊരു സാമ്രാജ്യം സ്ഥാപിച്ചു. അവരുടെ ശക്തിയും പ്രതാപവും ഐശ്വര്യവും കനിഷ്കന്റെ കാലത്താണ് (ക്രിസ്ത്വബ്ദം 78 മുതൽ 123 വരെ) ഉച്ചനിലയിലെത്തിയത്. ഗാന്ധാരത്തിലെ പുരുഷപുര (പെഷവാർ)മായിരുന്നു അദ്ദേഹത്തിന്റെ തലസ്ഥാനം. പക്ഷേ, കാശ്മീരും പഞ്ചാബും പാറ്റ്നവരെയുള്ള ഗംഗാതീരപ്രദേശങ്ങളും അദ്ദേഹത്തിന്റെ കല്പനകളനുസരിച്ചിരുന്നു. മഹാനും ബുദ്ധഭക്തനുമായ ഒരു രാജാവായിട്ടാണ് അദ്ദേഹം അറിയപ്പെട്ടന്നത്. വസുമിത്രൻ, അശ്വഘോഷൻ, നാഗാർജ്ജുനൻ മുതലായ കവികളും തത്വജ്ഞാനികളും അദ്ദേഹത്തിന്റെ കൊട്ടാരത്തെ അലങ്കരിച്ചിരുന്നു. അദ്ദേഹത്തിന്റെ മരണത്തിനുശേഷം കശാന മേധാവിത്വമവസാനിച്ചു. ആഭ്യന്തരയുദ്ധങ്ങളും വിദേശീയാക്രമണങ്ങളുമാണ് ആ അവസാനത്തെ ത്വരിതപ്പെടുത്തിയത്. അതിനുശേഷം മൂന്നാം നൂറ്റാണ്ടാകുമ്പോഴേക്കും ഇന്ത്യയുടെ വിവിധഭാഗങ്ങളിലായി അനേകം ചെറിയചെറിയ രാജ്യങ്ങൾ സ്ഥാപിതമായി. തെക്കേ ഇന്ത്യയിൽ ചോളം, കേരളം (അല്ലെങ്കിൽ ചേരം) പാണ്ഡ്യം എന്നീ രാജ്യങ്ങൾ ഉയർന്നുവരുകയും പ്രശസ്തിയാർജ്ജിക്കുകയും ചെയ്തത് ഈ കാലഘട്ടത്തിലാണ്.

## 1 ഗുപ്തസാമ്രാജ്യത്തിന്റെ ഉയർച്ചയും തകർച്ചയും

ക്രിസ്തുവർഷം 320-ൽ ചന്ദ്രഗുപ്തൻ മഗധയുടെ സിംഹാസനം കരസ്ഥമാക്കിയതോടുകൂടിയാരംഭിച്ച ഗുപ്തസാമ്രാജ്യത്തിന്റെ കാലഘട്ടം ഇന്ത്യാചരിത്രത്തിലെ സുവർണയുഗമായിട്ടാണ് കരുതപ്പെടുന്നത്. ചന്ദ്രഗുപ്തൻ (ക്രി. 320-330) സുശക്തനും പ്രതാപിയുമായ ഒരു രാജാവായിരുന്നു. അദ്ദേഹത്തിന്റെ പുത്രൻ സമുദ്രഗുപ്തൻ (330-375) തന്റെ സാമ്രാജ്യത്തെ കിഴക്ക് ബ്രഹ്മപുത്രാനദിവരെയും പടിഞ്ഞാറ് യമുനാനദിവരെയും തെക്ക് നർമ്മദാനദിവരെയും വ്യാപിപ്പിച്ചു. സമുദ്രഗുപ്തൻ മരണമടഞ്ഞതിൽപ്പിന്നെ, ഒരാൾക്കുശേഷം മറ്റൊരാളായി, മൂന്ന് ചക്രവർത്തിമാർ ഭരണം നടത്തി. അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ അപരിഷ്കൃതരായ ഹൂണന്മാർ ഇന്ത്യയെ ആക്രമിക്കുകയും വടക്ക് മഗധ മുതൽ തെക്ക് വിന്ധ്യാപർവ്വതം വരെയുള്ള പ്രദേശങ്ങളെ കൊള്ളയടിച്ച് നശിപ്പിക്കുകയും ചെയ്തതോടുകൂടി ഗുപ്തസാമ്രാജ്യം ഛിന്നഭിന്നമായി. അതിനുശേഷം 7-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കനൗജിനെ കേന്ദ്രമാക്കിക്കൊണ്ട് ഹർഷൻ ഒരു പുതിയ സാമ്രാജ്യം സ്ഥാപിക്കാൻ പരിശ്രമിച്ചുനോക്കി. ആ പരിശ്രമത്തിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. പഞ്ചാബു മുതൽ ബംഗാൾ ഉൾക്കടൽ വരെയുള്ള പ്രദേശങ്ങളിലേക്ക് അദ്ദേഹത്തിന്റെ ഭരണം വ്യാപിച്ചു. പക്ഷേ, ആ സാമ്രാജ്യം അരനൂറ്റാണ്ടുപോലും നിലനിന്നില്ല. ക്രിസ്തുവർഷം 647-ൽ ഹർഷൻ മരണം പ്രാപിച്ചതോടുകൂടി രാജ്യത്തിൽ വീണ്ടും അരാജകത്വം നടമാടാൻ തുടങ്ങി; ഇന്ത്യാചരിത്രത്തിന്റെ ഐക്യം വീണ്ടും തകർന്നു. അതിനുശേഷം ക്രിസ്താബ്ദം 13-ാം നൂറ്റാണ്ടിൽ ദൽഹിയിൽ സുൽത്താന്മാരുടെ ഭരണം ആരംഭിക്കുന്നതുവരെയും ഏകീകൃതങ്ങളും വിസ്തൃതങ്ങളുമായ സാമ്രാജ്യങ്ങളൊന്നും തലയുയർത്തുകയുണ്ടായില്ല. ചാലൂക്യന്മാർ, പല്ലവന്മാർ, പാണ്ഡ്യന്മാർ തുടങ്ങിയ വിവിധ വംശങ്ങളുടെ നേതൃത്വത്തിൽ പരസ്പരം മല്ലടിക്കുന്ന ചെറിയ ചെറിയ രാജ്യങ്ങളാണ് ഭരണം നടത്തിപ്പോന്നത്. സാമൂഹ്യവും സാമ്പത്തികവുമായ പല പരിവർത്തനങ്ങളേയും ഉദ്ഘാടനം ചെയ്ത ഒരു കാലഘട്ടമാണിത്.

സുപ്രസിദ്ധചരിത്രകാരനായ വിൻസെൻറ് സ്മിത്ത് ചൂണ്ടിക്കാണിക്കുന്നു:

> ‘അഞ്ചാം നൂറ്റാണ്ടിലും ആറാം നൂറ്റാണ്ടിലുമുണ്ടായ അപരിഷ്കൃത വർഗക്കാരുടെ ആക്രമണങ്ങൾ, ഇന്ത്യയുടെ അധികൃതവക്താക്കളാൽ അവഗണിക്കപ്പെട്ടിട്ടുണ്ടെങ്കിലും, വടക്കേ ഇന്ത്യയുടെയും പടിഞ്ഞാറെ ഇന്ത്യയുടെയും രാഷ്ട്രീയവും സാമൂഹ്യവുമായ ചരിത്രത്തിലെ ഒരു പരിവർത്തനഘട്ടത്തെയാണ് കുറിക്കുന്നത്. ഗുപ്തകാലത്തെ രാഷ്ട്രീയവ്യവസ്ഥ പരിപൂർണമായിത്തകരുകയും പുതിയ ഭരണവ്യവസ്ഥകൾ രൂപമെടുക്കുകയും ചെയ്തു’.

## 2 ഫ്യൂഡലിസത്തിന്റെ ആവിർഭാവം

ഗുപ്തസാമ്രാജ്യത്തിന്റെ തകർച്ചയോടുകൂടി വർണാശ്രമധർമ്മങ്ങളുടെ അടിസ്ഥാനത്തിലുള്ള സാമ്പത്തികവ്യവസ്ഥയ്ക്ക് ഉലച്ചിൽതട്ടി. സാമൂഹ്യവ്യവസ്ഥയ്ക്കുള്ളിൽ പുതിയ ഉത്പാദനശക്തികൾ തലയുയർത്തി. പുതിയരൂപത്തിലുള്ള സാമൂഹ്യബന്ധങ്ങൾ പ്രത്യക്ഷപ്പെട്ടു. അങ്ങനെ ക്രിസ്ത്വബ്ദം 5-ാം നൂറ്റാണ്ടിനും 6-ാം നൂറ്റാണ്ടിനുമിടയിൽ ഇന്ത്യയിൽ ഫ്യൂഡൽവ്യവസ്ഥ ഉയർന്നുവന്നു.

വർണാശ്രമവ്യവസ്ഥയ്ക്കുള്ളിൽ തന്നെ ഫ്യൂഡലിസത്തിന്റെ പ്രാരംഭരൂപങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരുന്നു. പഴയ സാമൂഹ്യഘടനയിൽ വിപ്ലവകരമായ പൊട്ടിത്തെറികളൊന്നുമുണ്ടായില്ല. വർഗങ്ങൾ തമ്മിലുള്ള തുറന്ന യുദ്ധങ്ങളുടേയും വിപ്ലവങ്ങളുടേയും ഫലമായിട്ടല്ല ഇന്ത്യയിൽ ഫ്യൂഡൽ വ്യവസ്ഥയാവിർഭവിച്ചത്. അതുകൊണ്ട് അടിമവ്യവസ്ഥയുടെയും പ്രാകൃത കമ്യൂണിസത്തിന്റെ തന്നെയും അവശിഷ്ടങ്ങൾ ഫ്യൂഡൽവ്യവസ്ഥയിൽ നിലനിന്നുപോന്നു. ഇത് ഫ്യൂഡൽ ഉത്പാദനരീതിയുടെ വളർച്ചയെത്തന്നെ കുറെയൊക്കെ തടസ്സപ്പെടുത്തുകയും ചെയ്തു.

മഹാരാജാവിനോ ചക്രവർത്തിക്കോ കപ്പം കൊടുക്കുകയും അവരുടെ മേൽക്കോയ്മ അംഗീകരിക്കുകയും ചെയ്ത സാമന്തന്മാരുടെയും പ്രാദേശിക രാജാക്കന്മാരുടെയും ഭരണമാണ് മൗര്യന്മാരുടെയും ബുദ്ധന്മാരുടെയും കാലത്തുണ്ടായിരുന്നത്. ഈ പ്രാദേശിക രാജാക്കന്മാർ താന്താങ്ങളുടെ അതിർത്തിക്കുള്ളിൽ ഇഷ്ടംപോലെ ഭരണം നടത്തിപ്പോന്നു. ഇതിനെ മുകളിൽ നിന്നുള്ള ഫ്യൂഡലിസം എന്ന് ചില ചരിത്രകാരന്മാർ വിളിക്കുന്നു. പക്ഷേ, ഉത്പാദനവ്യവസ്ഥ പഴയതുതന്നെയായിരുന്നു. അടിയാളനും ജന്മിയുമെന്ന വർഗവ്യവസ്ഥയാവിർഭവിച്ചുകഴിഞ്ഞിരുന്നില്ല. നികുതികൾ രാജാക്കന്മാരുടെ പ്രതിനിധികളായ ഉദ്യോഗസ്ഥന്മാർ നേരിട്ടാണ് പിരിച്ചിരുന്നത്. ക്രിസ്ത്വബ്ദം 5-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യ സന്ദർശിച്ച ഫാഹിയാൻ എന്ന ചൈനാക്കാരൻ അക്കാലത്തെ കാർഷിക വ്യവസ്ഥയെപ്പറ്റി ഇങ്ങനെ പറയുകയുണ്ടായി.

> ‘രാജാവിന്റെ ഭൂമി കൃഷിചെയ്യുന്നവർ മാത്രം അതിൽ നിന്നുണ്ടാകുന്ന ധാന്യത്തിന്റെ ഒരുഭാഗം കൊടുക്കണം. അവർക്ക് ഭൂമി വിട്ടുപോകണമെങ്കിൽ പോകാം; അവിടെത്തന്നെ താമസിക്കണമെങ്കിൽ താമസിക്കുകയും ചെയ്യാം.’

ഇഷ്ടമുണ്ടെങ്കിൽ മാത്രം കൃഷിചെയ്യാനും ഇഷ്ടമില്ലെങ്കിൽ കൃഷിപ്പണിയുപേക്ഷിച്ച് മറ്റെന്തെങ്കിലും ജോലിയിലേർപ്പെടാനും സ്വാതന്ത്ര്യമുണ്ടായിരുന്നുവെന്നാണദ്ദേഹം പറയുന്നത്. നിലവുമായി ബന്ധപ്പെടുകയും ഭൂവുടമകൾക്കുവേണ്ടി കൃഷിചെയ്യാൻ നിർബന്ധിക്കപ്പെടുകയും ചെയ്യുന്ന അടിയാളന്മാർ അക്കാലത്തുണ്ടായിരുന്നില്ലെന്നാണിതു കാണിക്കുന്നത്. ഇത് തീർച്ചയായും 6-ാം ഫ്യൂഡലിസമല്ല.

എന്നാൽ, ക്രിസ്ത്വബ്ദം 6-ാം നൂറ്റാണ്ടിലോ 7-ാം നൂറ്റാണ്ടിലോ രചിക്കപ്പെട്ട ‘ശുക്രനീതിസാരം’ ഫ്യൂഡൽവ്യവസ്ഥയുടെ പല സ്വഭാവവിശേഷങ്ങളേയും പ്രതിഫലിപ്പിക്കുന്നുണ്ട്. ഗ്രാമങ്ങളെ അവയ്ക്കു പുറത്തുള്ള ലോകത്തിൽ നിന്ന് ഒറ്റപ്പെടുത്തുവാൻ പറ്റിയ പല നിയമങ്ങളും അക്കാലത്ത് നടപ്പിൽവന്നു കഴിഞ്ഞിരുന്നു. ഗ്രാമത്തിൽ പ്രവേശിക്കുന്നവരും അവിടെനിന്നു പുറത്തുപോകുന്നവരും ഗ്രാമഭരണാധികാരിയുടെ മുമ്പിൽ തങ്ങളുടെ പേരുകൾ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. വിദേശീയർക്ക് ഗ്രാമത്തിനുള്ളിൽ വളരെയധികം കാലം താമസിക്കാനനുവാദമുണ്ടായിരുന്നില്ല. അകത്തുള്ളവർക്ക് പുറത്തുകടക്കുവാനും പുറത്തുള്ളവർക്ക് അകത്തുകടക്കുവാനും എളുപ്പമായിരുന്നില്ല. രാജാവും നിലവും തമ്മിൽ അക്കാലത്തുണ്ടായിരുന്ന ബന്ധത്തെപ്പറ്റി ‘ശുക്രനീതിസാരം’ ഇങ്ങനെ വിവരിക്കുന്നു:

> ‘നിലനികുതികൾ, ചുങ്കങ്ങൾ, പലിശകൾ, കപ്പങ്ങൾ, പാട്ടങ്ങൾ, മുതലായവ കാലതാമസം കൂടാതെ കൃത്യമായി രാജാവ് വസൂലാക്കണം. ഓരോ കൃഷിക്കാരനും അടച്ചുതീർക്കേണ്ട ഭാഗമെത്രയാണെന്നു നിശ്ചയിച്ചുകൊണ്ടുള്ള രേഖ രാജാവ് തന്റെ സ്വന്തം മുദ്രവച്ചു കൊടുക്കണം. ഗ്രാമത്തിന്റെ ഭാഗമെത്രയാണെന്നു നിശ്ചയിച്ചതിനുശേഷം അത് ഒരു ധനികനിൽ നിന്ന് രാജാവ് മുൻകൂറായി വാങ്ങണം. (നിയമ്യഗ്രാമഭൂഭാഗ മേക്സ്മാദ്ധനികാദ്ധഹേത്). അല്ലെങ്കിൽ മാസന്തോറുമോ ഋതുക്കൾ തോറുമോ ആയി അടച്ചുതീർക്കുമെന്നുള്ളതിന് ഒരുറപ്പുവാങ്ങണം. (വിഭാഗശോ ഗൃഹീത്വാപിമാസിമാസി ഋതൗ ഋതൗ). അതുമല്ലെങ്കിൽ രാജാവ് തനിക്ക് ലഭിക്കുന്നതിന്റെ പതിനാറിലൊരു ഭാഗമോ പന്ത്രണ്ടിലൊരുഭാഗമോ എട്ടിലൊരുഭാഗമോ ആറിലൊരുഭാഗമോ പ്രതിഫലമായി നൽകുമെന്ന വ്യവസ്ഥയിൽ ഗ്രാമപന്മാർ എന്ന പേരിലറിയപ്പെടുന്ന ഉദ്യോഗസ്ഥന്മാരെ നിയമിക്കണം. (ഈ ഗ്രാമപന്മാരാണ് രാജാവിന്റെ പേരിൽ കൃഷിക്കാർക്ക് ഭാഗപത്രം കൊടുക്കുകയും അവരിൽ നിന്ന് രാജഭാഗം വസൂലാക്കുകയും ചെയ്തുപോന്നത്.) .... കൃഷി ചെയ്യുന്ന നിലങ്ങളിൽനിന്നു മാത്രമല്ല വീടുകൾ, പാർപ്പിടങ്ങൾ, മുതലായവയിൽ നിന്നും നികുതി വസൂലാക്കണം. റോഡുകൾ സംരക്ഷിക്കാനും കേടുതീർക്കാനുംവേണ്ടി അവയുപയോഗിക്കുന്നവരിൽ നിന്നും ചുങ്കം വസൂലാക്കണം...’

ഇന്ത്യയുടെ കാർഷികവ്യവസ്ഥയിൽ ഫ്യൂഡൽബന്ധങ്ങളാവിർഭവിക്കാൻ തുടങ്ങി എന്നതിന്റെ സൂചനകളാണിവ എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. എല്ലാ ഭൂമിയും രാജാവിന്റേതാണ് എന്ന മൗര്യൻ സിദ്ധാന്തത്തിന് ഇളക്കം തട്ടിച്ച മാറ്റങ്ങളാണിവ. ഗ്രാമപന്മാർ രാജാവിനുവേണ്ടി രാജാവിന്റെ പ്രതിനിധികളെന്ന നിലയ്ക്ക് ഭരണം നടത്തും. വിളവിന്റെ ഒരു നിശ്ചിതഭാഗം നൽകണമെന്ന വ്യവസ്ഥയിന്മേൽ കൃഷി ചെയ്യാൻ തയ്യാറുള്ളവർക്ക് അവർ ഭൂമി ഏൽപ്പിച്ചുകൊടുക്കും. തങ്ങൾ വസൂലാക്കുന്നതിന്റെ ഒരു ഭാഗം രാജാവിന് കൊടുത്ത് ബാക്കിയെല്ലാം അവർ സ്വന്തമായി അനുഭവിക്കും. ഇങ്ങനെ ക്രമത്തിൽ അടിമകളെക്കൊണ്ടു പണിയെടുപ്പിക്കുക എന്ന സമ്പ്രദായം ക്ഷയിക്കുകയും അവരുടെ സ്ഥാനത്ത് അടിയാളന്മാർ ആവിർഭവിക്കുകയും ചെയ്തു.

## 3 പ്രാചീനേന്ത്യയിലെ ഗ്രാമസമുദായം

ഔപചാരികമായി നോക്കിയാൽ നിലമെല്ലാം അപ്പോഴും പൊതുവുടമയിലായിരുന്നു. സ്വയം സമ്പൂർണ്ണങ്ങളായ ഗ്രാമസമുദായങ്ങളാണുണ്ടായിരുന്നത്. ഗ്രാമ പഞ്ചായത്തായിരുന്നു ഭരണവ്യവസ്ഥയുടെ അടിസ്ഥാനഘടകം. പ്രാചീനകാലം മുതൽക്കേ നിലനിന്നുപോന്ന ഈ ഗ്രാമസമുദായങ്ങളുടെ സവിശേഷതകളെ മാർക്സ് തന്റെ ‘മൂലധനം’ എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ വിവരിക്കുന്നു:

> ‘ചെറുതും ഏറ്റവും പ്രാചീനവുമായ ആ ഇന്ത്യൻ സമുദായങ്ങൾ — അവയിൽ ചിലത് ഇന്നേവരെ തുടർന്നുപോന്നിട്ടുണ്ട് — നിലത്തിന്മേലുള്ള പൊതുവുടമയേയും കൃഷിയേയും കൈവേലകളേയും കൂട്ടിയിണക്കുന്നതിനേയും മാറ്റാൻ വയ്യാത്ത ഒരു പ്രവൃത്തിവിഭജനത്തേയും ആശ്രയിച്ചാണിരിക്കുന്നത്... നൂറു മുതൽ അനേകായിരം ഏക്കർവരെയടങ്ങുന്ന ഈ പ്രദേശങ്ങളോരോന്നും അതിനാവശ്യമുള്ളതെല്ലാം ഉത്പാദിപ്പിക്കുന്ന പൂർണവും ഒതുങ്ങിയതുമായ ഒരു ഘടകമാണ്. ഉല്പന്നങ്ങളുടെ പ്രധാനഭാഗം സമുദായത്തിന്റെ നേരിട്ടുള്ള ഉപയോഗത്തിനു വേണ്ടിയുള്ളവയാണ്. അവ കൈമാറ്റത്തിനുവേണ്ടിയുള്ള ചരക്കുകളുടെ രൂപം ധരിക്കുന്നില്ല... മിച്ചമുള്ളത് മാത്രമാണ് ചരക്കുകളായിത്തീരുന്നത്. അതിൽ തന്നെയും ഒരു ഭാഗം സ്റ്റേറ്റിന്റെ കൈയ്യിലെത്തിയതിനുശേഷം മാത്രമേ ചരക്കായിത്തീരുന്നുള്ളൂ... ഈ സമുദായങ്ങളുടെ ഭരണഘടന ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ വ്യത്യസ്തതരത്തിലാണ്. ഏറ്റവും ലളിതമായ രൂപത്തിൽ, നിലം പൊതുവായി കൃഷി ചെയ്യപ്പെടുകയും ഉൽപ്പന്നങ്ങൾ ഗ്രാമത്തിലെ അംഗങ്ങൾക്കിടയിൽ ഭാഗിക്കപ്പെടുകയും ചെയ്യുന്നു. അതേ സമയത്തുതന്നെ സഹായക വ്യവസായങ്ങളെന്ന നിലയ്ക്ക് ഓരോ വീട്ടിലും നൂൽനൂല്പും നെയ്ത്തുമുണ്ട്. ഇങ്ങനെ ഒരേ തരത്തിലുള്ള പ്രവർത്തിതന്നെ ചെയ്തുകൊണ്ടിരിക്കുന്ന ബഹുജനങ്ങളോടൊപ്പം ജഡ്ജിയും പൊലീസുകാരനും നികുതിപിരിവുകാരനും എല്ലാമായ ‘ഗ്രാമപ്രധാനിയേ’യും നമുക്ക് കാണാൻ കഴിയും. കൃഷിയുടെ വരവ് ചെലവ് കണക്കുകൾ വെയ്ക്കുകയും അതുമായി ബന്ധപ്പെട്ട എല്ലാറ്റിൻറേയും രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്ന കണക്കപ്പിള്ള (അല്ലെങ്കിൽ കരണം), കുറ്റവാളികളെ ശിക്ഷിക്കുകയും ഗ്രാമത്തിലൂടെ കടന്നുപോകുന്ന വിദേശികളെ സംരക്ഷിക്കുകയും അവരെ അടുത്ത ഗ്രാമത്തിലേക്ക് അനുഗമിക്കുകയും ചെയ്യുന്ന മറ്റൊരുദ്യോഗസ്ഥൻ, അയൽപ്രദേശങ്ങളിൽ നിന്ന് ഗ്രാമത്തിന്റെ അതിർത്തികളെ കാത്തുരക്ഷിക്കുന്ന ഉദ്യോഗസ്ഥൻ, പൊതുകുളത്തിൽ നിന്ന് വെള്ളം കൃഷിക്ക് കൊടുക്കുന്ന പ്രവൃത്തിക്കാരൻ, മതചടങ്ങുകൾ നിർവ്വഹിക്കുന്ന ബ്രാഹ്മണൻ, കുട്ടികളെ മണ്ണിലെഴുതി പഠിപ്പിക്കുന്ന അദ്ധ്യാപകൻ, വിത്തുനടൽ, കൊയ്ത്തു തുടങ്ങിയ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും പറ്റിയ മുഹൂർത്തങ്ങളേയും അശുഭദിനങ്ങളേയും വിവരിച്ചുകൊടുക്കുന്ന ജ്യോത്സ്യൻ, എല്ലാത്തരം കാർഷികോപകരണങ്ങളുടേയും കേടുപാടുകൾ തീർക്കുന്ന പെരുങ്കൊല്ലനും ആശാരിയും, ഗ്രാമത്തിനാവശ്യമായ മൺപാത്രങ്ങളുണ്ടാക്കുന്ന കുശവൻ, ക്ഷുരകൻ, അലക്കുകാരൻ, തട്ടാൻ, അവിടെയും ഇവിടെയുമായി കവികൾ — ചില സമുദായങ്ങളിൽ തട്ടാന്മാരുടെയും മറ്റുചിലേടങ്ങളിൽ അദ്ധ്യാപകന്മാരുടെയും ജോലികൾ കൂടി കവികൾ നിർവഹിക്കും — ഇവരെല്ലാമുണ്ടായിരുന്നു. ഒരു ഡസനോളം വരുന്ന ഈ വ്യക്തികളെല്ലാം സമുദായത്തിന്റെ പൊതുചെലവിലാണ് സംരക്ഷിക്കപ്പെട്ടിരുന്നത്...’

ഔപചാരികമായി നോക്കുമ്പോൾ ഗ്രാമപ്രധാനിയും കണക്കപ്പിള്ളയും ആശാരി, ജ്യോത്സ്യൻ, അദ്ധ്യാപകൻ മുതലായവരെപ്പോലെ തന്നെ സമുദായത്തെ സേവിക്കുന്നവർ മാത്രമാണ്. പക്ഷേ, യഥാർത്ഥത്തിൽ തങ്ങളുടെ പ്രത്യേകരീതിയിലുള്ള സ്ഥാനങ്ങളുപയോഗിച്ചു കൊണ്ട് അവർക്ക് സമുദായത്തിന്റെ മേധാവികളാവാൻ കഴിഞ്ഞു. വമ്പിച്ച സ്വകാര്യസ്വത്തുക്കൾ മാത്രമല്ല, ഗ്രാമപഞ്ചായത്തുകളുടെ അധികാരവും അവർ മെല്ലെമെല്ലെ കൈക്കലാക്കി. രാജാവിനും അദ്ദേഹത്തിന്റെ സാമന്തന്മാർക്കും നൽകപ്പെട്ടിരുന്ന കപ്പവും തിരുമുൽക്കാഴ്ചകളും ക്രമത്തിൽ പാട്ടമായി മാറി. നിലത്തിന്മേലുള്ള ഉടമാവകാശം നാടുവാഴികൾക്കായിത്തീർന്നു എന്നതിന്റെ സൂചനയായിരുന്നു അത്.

## 4 ഇന്ത്യൻ ഫ്യൂഡലിസത്തിന്റെ പ്രത്യേകതകൾ

വളരെയധികം കെട്ടുപ്പിണഞ്ഞ വിവിധ ബന്ധങ്ങളോടു കൂടിയ ഒരു സാമൂഹ്യവ്യവസ്ഥയായിരുന്നു ഇന്ത്യൻ ഫ്യൂഡലിസം. ഏറ്റവും മുകളിൽ മഹാരാജാവ്. അദ്ദേഹത്തിന്റെ കീഴിൽ സാമന്തന്മാർ. ചിലപ്പോൾ സാമന്തന്മാർ തന്നെ രാജാക്കന്മാരായി മാറും. സാമന്തൻമാരുടെ കീഴിൽ നാടുവാഴികൾ. നേരിട്ടദ്ധ്വാനിച്ച് കൃഷി ചെയ്യുന്നവരും നാടുവാഴികളും തമ്മിലുള്ള ബന്ധങ്ങൾക്കു പല രൂപങ്ങളുമുണ്ടായിരുന്നു. ചില ഗ്രാമസമുദായങ്ങൾ രാജാവിന് മാത്രം വിളവിന്റെ നിശ്ചിതഭാഗം കൊടുക്കും. മറ്റു സമുദായങ്ങൾക്ക് ഇടത്തട്ടുകാരായ നാടുവാഴികളെ ആശ്രയിക്കേണ്ടിവന്നു. നിശ്ചിതകാലത്തേക്ക് കൃഷി ചെയ്യാൻവേണ്ടി നാടുവാഴികളിൽ നിന്നു ഭൂമി ഏറ്റുവാങ്ങുന്നവരുണ്ടായിരുന്നു. സ്വകാര്യസ്വത്തുള്ള സ്വതന്ത്രരായ കൃഷിക്കാരുമുണ്ടായിരുന്നു. നാടുവാഴികൾ പലപ്പോഴും പൊതുഭൂമികൾ തട്ടിയെടുത്തു സ്വന്തമാക്കുക പതിവായിരുന്നു. പൊതുഭൂമികളായിരുന്ന സ്ഥലങ്ങൾ സ്വന്തമാക്കി മറ്റുള്ളവർക്കു പല നിബന്ധനകളോടുകൂടി പാട്ടത്തിനേൽപ്പിച്ചുകൊടുത്ത് അവർ ധാരാളം സ്വത്തു സമ്പാദിച്ചു. തങ്ങൾ ചൂഷണം ചെയ്തു സമ്പാദിക്കുന്നതിന്റെ ഭാഗം അവർ സാമന്തന്മാർക്കു കൊടുക്കും. സാമന്തന്മാർ രാജാവിന് കപ്പം കൊടുക്കും. സൈനികപ്രവർത്തനങ്ങളിൽ നേതൃത്വം വഹിക്കുകയോ രാജാവിനെ മറ്റുതരത്തിൽ സഹായിക്കുകയോ ചെയ്യുന്ന സാമന്തന്മാരും നാടുവാഴികളും കരങ്ങളിൽ നിന്നും കപ്പങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുക പതിവായിരുന്നു. ചിലപ്പോൾ രാജാക്കന്മാർ മാറും. രാഷ്ട്രീയമായ ഭരണമാറ്റങ്ങളുണ്ടാവും. പക്ഷേ, മുകളിൽ എന്തൊക്കെ തന്നെ സംഭവിച്ചാലും ഗ്രാമസമുദായങ്ങൾക്കു മാറ്റമൊന്നുമുണ്ടാവില്ല. ഉല്പാദന വ്യവസ്ഥയിലാകെ ഒരുതരം നിശ്ചലതയും മാന്ദ്യവുമാണുണ്ടായിരുന്നത്.

യൂറോപ്യൻ ഫ്യൂഡലിസവും ഇന്ത്യൻ ഫ്യൂഡലിസവും തമ്മിൽ സാമ്യതകൾ മാത്രമല്ല, പ്രധാനമായും ചില വ്യത്യാസങ്ങളും കാണാം. ഉദാഹരണത്തിന് ഇന്ത്യയിൽ തൊഴിൽപ്പാട്ടമെന്ന സമ്പ്രദായമുണ്ടായിരുന്നില്ല. സ്വാഭാവികമായ ധാന്യപ്പാട്ടം മാത്രമേ ഉണ്ടായിരുന്നുള്ളു. താമസിക്കാനും സ്വന്തമായി പണിയെടുക്കാനും ഒരുതുണ്ടം ഭൂമി ലഭിക്കുന്നതിനു പകരമായി പ്രഭുവിന്റെ എസ്റ്റേറ്റുകളിൽപ്പോയി സൗജന്യമായും നിർബന്ധമായും പണിയടുത്തുകൊടുക്കുക എന്ന സമ്പ്രദായം യൂറോപ്പിൽ സുലഭമായിരുന്നു. ഇന്ത്യയിൽ എസ്റ്റേറ്റ് കൃഷി സമ്പ്രദായം പരന്നുപിടിക്കുകയുണ്ടായില്ല. ഫ്യൂഡൽവ്യവസ്ഥയുടെ അവസാനകാലത്തു ചില നിലമുടമസ്ഥന്മാർ അടിയാളരെക്കൊണ്ട് സ്വന്തം ഭൂമി കൃഷിചെയ്യിച്ചിരുന്നതു ശരിതന്നെ. പക്ഷേ, ഈ സമ്പ്രദായം ഉല്പാദനവ്യവസ്ഥയുടെ അഭിവാജ്യഘടകമായിരുന്നില്ല.

മറ്റൊരു വ്യത്യാസം ഇന്ത്യൻ ഫ്യൂഡലിസത്തിൽ, മുമ്പ് പ്രസ്താവിച്ചതുപോലെ, പ്രാകൃതകമ്യൂണിസത്തിന്റെ സൃഷ്ടിയായ ഗ്രാമസമുദായത്തിൻറേയും അടിമത്തവ്യവസ്ഥയുടെ സൃഷ്ടിയായ ചാതുർവർണ്യത്തിൻറേയും അവശിഷ്ടങ്ങൾ ഇഴുകിപ്പിടിച്ചു നിലനിന്നുപോന്നുവെന്നതാണ്.

# 5 ജാതിവ്യവസ്ഥ

അടിമത്തവ്യവസ്ഥയുടെ തകർച്ചയ്ക്കുശേഷം ഫ്യൂഡൽവ്യവസ്ഥ ഉയർന്നു വന്നതോടുകൂടിയാണ് വർണവ്യവസ്ഥയുടെ സ്ഥാനത്ത് ജാതിവ്യവസ്ഥയാവിർഭവിച്ചത്.

ജാതിയും വർണവും ഒന്നല്ല, അടിമത്തവ്യവസ്ഥയിൽ ജാതികളുണ്ടായിരുന്നില്ല. വർണങ്ങളേ ഉണ്ടായിരുന്നുള്ളൂ. നാലു വർണങ്ങളിൽ ബ്രാഹ്മണർ മാത്രമേ ഒരു ജാതിയെന്ന നിലയ്ക്ക് നിലനിൽക്കുകയുണ്ടായുള്ളൂ. മറ്റു മൂന്ന് വർണങ്ങൾക്കും ഫ്യൂഡൽവ്യവസ്ഥയിൽ യാതൊരു സ്വാധീനശക്തിയും ചെലുത്താൻ കഴിഞ്ഞില്ല. എന്നാൽ അതിനുപകരം ഗ്രാമസമുദായത്തിലെ പ്രവൃത്തിവിഭജനത്തിന്റെ അടിസ്ഥാനത്തിലുള്ള അനേകം ജാതികളും ജാതികൾക്കുള്ളിലുള്ള അവാന്തരവിഭാഗങ്ങളും പ്രത്യക്ഷപ്പെട്ടു. പ്രവൃത്തിവിഭജനം പരമ്പരാഗതവും മാറ്റമില്ലാത്തതുമായിരുന്നു. അതുകൊണ്ട് ഫ്യൂഡൽ വ്യവസ്ഥയുറച്ചപ്പോൾ ജാതികളും മാറ്റമില്ലാത്തവിധം സമുദായത്തിന്റെ അഭിവാജ്യഘടകങ്ങളായിത്തീർന്നു. ‘ജോലിസ്വസ്ഥ’മായി മറ്റുള്ളവരെ ചൂഷണം ചെയ്ത് ഉപജീവനം കഴിച്ച ഫ്യൂഡൽ പ്രമാണിമാർ ദേഹം കൊണ്ടുള്ള അദ്ധ്വാനത്തെ നികൃഷ്ടവും ഹീനവുമായിട്ടാണ് കരുതിയത്. അതുകൊണ്ട് ഹീനമായ പ്രവൃത്തികൾ ചെയ്യുന്ന ജാതിക്കാർ ഹീനജാതിക്കാരും അയിത്തക്കാരുമായിട്ടാണ് കണക്കാക്കപ്പെട്ടത്. ചാതുർവർണ്യം അടിമത്തത്തിന്റെ സവിശേഷതയാണെങ്കിൽ ഈ കെട്ടിപ്പിണഞ്ഞ ജാതിവ്യവസ്ഥ ഫ്യൂഡലിസത്തിന്റെ പ്രത്യേകതയാണ്. രണ്ടിനും തമ്മിൽ പ്രധാനമായ ഒരു വ്യത്യാസം കാണാം; വർണാശ്രമവ്യവസ്ഥയിൽ അയിത്തത്തിനു സ്ഥാനമുണ്ടായിരുന്നില്ല. അത്, പ്രത്യേകിച്ചും ആരംഭകാലത്ത്, ഉല്പാദനവ്യവസ്ഥയെ വളർത്തുവാനാണ് സഹായിച്ചത്. നേരെമറിച്ച് ഇന്ത്യൻ ഫ്യൂഡലിസത്തിന്റെ ജാതിവ്യവസ്ഥ തൊട്ടുകൂടായ്കയും തീണ്ടിക്കൂടായ്കയും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിറഞ്ഞതായിരുന്നു. ഉത്പാദനവ്യവസ്ഥയെ വളർത്താനല്ല, നിശ്ചലമാക്കാനാണ്, അതു പ്രയോജനപ്പെട്ടത്.

## 6 മാന്ദ്യവും അധഃപതനവും

ഉല്പാദനവ്യവസ്ഥയിലുണ്ടായ ഈ നിശ്ചലതയും മാന്ദ്യവും മനുഷ്യന്റെ മാനസികമണ്ഡലങ്ങളിലും പ്രതിഫലിച്ചു. വർണാശ്രമവ്യവസ്ഥ ഭൂരിപക്ഷക്കാരെ അടിമകളും നിസ്സഹായരുമാക്കി മാറ്റിയെങ്കിലും അതിൻകീഴിൽ സാഹിത്യാദികലകൾക്കും ദർശനങ്ങൾക്കും ശാസ്ത്രങ്ങൾക്കും അത്ഭുതപൂർവമായ ഒരഭിവൃദ്ധിയുണ്ടായതെങ്ങനെ എന്ന് നമ്മൾ കണ്ടുകഴിഞ്ഞുവല്ലോ. ഫ്യൂഡലിസത്തിന്റെ കാലമായപ്പോഴേക്കു സ്ഥിതിമാറി. മാനസികവും ബുദ്ധിപരവുമായ എല്ലാ മണ്ഡലങ്ങളേയും യാന്ത്രികമായ ഒരു മാന്ദ്യവും നിർജീവതയും പിടികൂടി.

കാളിദാസന്റെ കാലത്തോടുകൂടി (ക്രിസ്ത്വബ്ദം 4-5 നൂറ്റാണ്ട്) സംസ്കൃതസാഹിത്യത്തിന്റെ വസന്തകാലമവസാനിച്ചു എന്നുപറയാം. വർണാശ്രമവ്യവസ്ഥ തകരാൻ തുടങ്ങിയതോടെ സംസ്കൃതം ജനങ്ങളിൽ നിന്ന് അധികമധികം അകലാൻ തുടങ്ങി. പിന്നീടുണ്ടായ സാഹിത്യകൃതികളിൽ പ്രധാനമായും കലാസൗന്ദര്യമല്ല, വാക്കുകളെക്കൊണ്ടുള്ള കസർത്തുകളും വൈകാരികമായ അധഃപതനോന്മുഖതയും ദുരൈകവാദത്തിന്റെ പ്രവണതയും പഴയതിന്റെ വെറും ആവർത്തനങ്ങളുമാണ് നിലനിന്നുപോന്നത്.

സാഹിത്യത്തിൽ മാത്രമല്ല, ദർശനം തുടങ്ങിയ മറ്റു ശാഖകളിലും ഈ അധഃപതനവാസനകൾ ധാരാളം പ്രതിഫലിച്ചു. ‘ദി ഏജ് ഓഫ് ഇമ്പീരിയൽ കനൗജ്’ എന്ന ഗ്രന്ഥത്തിന്റെ മുഖവുരയിൽ ഡോക്ടർ ആർ.സി. മജുംദാർ ചൂണ്ടിക്കാണിക്കുന്നു.

> ‘പൊതുവിൽ പറഞ്ഞാൽ, സാംസ്കാരിക പ്രവർത്തനങ്ങളുടെ എല്ലാ തുറകളിലും അധഃപതനവും നാശവുമുണ്ടായ ഒരു കാലഘട്ടമാണിത്. ബുദ്ധമതത്തിൻറേയും ജൈനമതത്തിൻറേയും പ്രാമാണ്യമവസാനിക്കുകയും അവ ക്രമത്തിൽ ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രമായി ഒതുങ്ങിക്കഴിയാൻ തുടങ്ങുകയും ചെയ്തു. താന്ത്രികസമ്പ്രദായങ്ങളുടെ ആവിർഭാവം ബുദ്ധമതത്തേയെന്നപോലെതന്നെ ബ്രാഹ്മണമതത്തേയും ദുഷിപ്പിച്ചു. സാഹിത്യത്തിന്റെ സർഗാത്മകത കുറയുകയും അത് കൂടുതൽ യാന്ത്രികമായിത്തീരുകയും ചെയ്തു. ശാസ്ത്രീയസംബന്ധിയായ ഗവേഷണങ്ങളുടെ നിർമാണാത്മകതയ്ക്ക് ഉലച്ചിൽ തട്ടി. മൗലികമായ സ്മൃതികളുടെ കാലമവസാനിക്കുകയും അതിന്റെ സ്ഥാനത്ത് വ്യാഖ്യാനങ്ങളുടെ കാലമാവിർഭവിക്കുകയും ചെയ്തു. മതം, തത്വശാസ്ത്രം, നിയമം, സദാചാരം, സന്മാർഗം എന്നിങ്ങനെയുള്ള എല്ലാ രംഗങ്ങളിലും നിർമാണപ്രവർത്തനങ്ങളുടേതായ കാലഘട്ടം വ്യക്തമായും അവസാനിച്ചു എന്നു കാണാൻ പ്രയാസമില്ല. ഭൂതകാലത്തെ മനസ്സിലാക്കുകയും കഴിയുന്നത്ര നിഷ്കർഷയോടുകൂടി അതിനെ പിന്താങ്ങുകയും ചെയ്യുക — ഇതു മാത്രമാണ് ജനങ്ങൾക്കു വേണ്ടി അവശേഷിച്ചത്.

□

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10